# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6395 — 03/04/2018 ൽ മറുപടിയ്ക്ക്

### സോഷ്യൽ ഫോറസ്ട്രി വകുപ്പ് മുഖേന മരങ്ങൾ നട്ടുപിടിപ്പിക്കൽ

ചോദ്യം
ശ്രീ.എം.സ്വരാജ്

ഉത്തരം
അഡ്വ: കെ. രാജു
(വനവും മൃഗസംരക്ഷണവും
മൃഗശാലകളും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| എ | തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി വെള്ളയമ്പലം മുതൽ ശാസ്തമംഗലം വരെയുള്ള റോഡിനിരുവശവും സോഷ്യൽ ഫോറസ്ട്രി വകുപ്പ് മുഖേന മരങ്ങൾ നട്ടുപിടിപ്പിക്കുകയും വലിയ കോൺക്രീറ്റ് ചട്ടികളിൽ ചെടികൾ നട്ടുവളർത്തുകയും ചെയ്യുന്നുണ്ടോ; | എ | വഴിയോരത്തണൽ പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13 വർഷത്തിൽ 100 തൈകൾ വലിയ കോൺക്രീറ്റ് ചട്ടികളിൽ വച്ചുപിടിപ്പിച്ചിട്ടുണ്ട് |
| ബി | ഉണ്ടെങ്കിൽ അവയുടെ കൃത്യമായ പരിപാലനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; | ബി | അംഗീകരിച്ച പദ്ധതിയിൽ ആദ്യത്തെ മൂന്ന് വർഷത്തെ പരിചരണ പ്രവർത്തനങ്ങൾ ആണ് വിഭാവനം ചെയ്തിരുന്നത്. |
| സി | പ്രസ്തുത റോഡിന്റെ സൗന്ദര്യവത്ക്കരണം കൂടി ലക്ഷ്യമാക്കി നടപ്പാക്കിയ ഈ പദ്ധതി ഇന്ന് വളരെ മോശമായ അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി | പ്രസ്തുത റോഡിൽ നട്ടുപിടിപ്പിച്ച തൈകളിൽ അതിജീവന ശതമാനം 75 ശതമാനത്തോളമാണ്. |
| ഡി | ഈ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും കൃത്യമായി ഇവ പരിപാലിക്കുന്നതിനും നടപടി സ്വീകരിക്കാമോ; എങ്കിൽ വിശദാംശം അറിയിക്കാമോ? | ഡി | ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ വരും വർഷങ്ങളിൽ പുതിയ തൈകൾ നട്ടുപിടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ